പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2328
18.12.2012-ലെ മറുപടിക്ക്

## എല്ലാ പ്രൊഫഷണൽ ഓഫീസർമാർക്കും ഒരേ തോതിൽ സമയബന്ധിത ഹയർ ഗ്രേഡ്

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.കെ.എൻ.എ.ഖാദർ | ശ്രീ.കെ.എം.മാണി,<br>ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| (എ) | 9-ാം ശമ്പള പരിഷ്കരണ ഉത്തരവിലെ കരിയർ അഡ്വാൻസ്മെന്റ് പദ്ധതിയിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | 9-ാം ശമ്പള പരിഷ്കരണ ഉത്തരവു പ്രകാരം ഉത്തരവായിരുന്നതും 29/09/2012 ലെ ജി.ഒ(പി) നം.536/2012/(116)/ധന പ്രകാരം നടപ്പിലാക്കിയിട്ടുള്ളതുമായ കരിയർ അഡ്വാൻസ്മെന്റ് സ്കീമിൽ അപാകതകളുള്ളതായി ചൂണ്ടിക്കാട്ടിക്കൊണ്ട് സർവ്വീസ് സംഘടനകളിൽ നിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രൊഫഷണൽ ഓഫീസർമാരായ ആയുർവേദ-ഹോമിയോ- വെറ്റിനറി ഡോക്ടർമാർ, കൃഷി ഓഫീസർ, ഡയറി ഓഫീസർ തുടങ്ങിയവർക്ക് രണ്ടാമത്തെ ഹയർ ഗ്രേഡ് അനുവദിക്കുന്ന വേളയിൽ 12100/- രുപ കുറവായിട്ടാണ് നിശ്ചയിച്ചിരുന്നതെന്ന കാര്യം മനസിലാക്കിയിട്ടുണ്ടോ; | കരിയർ അഡ്വാൻസ്മെന്റ് സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള കാറ്റഗറികൾക്ക് അതാത് വകുപ്പുകളിലെ സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള ഒന്നാമത്തെയും രണ്ടാമത്തെയും റെഗുലർ പ്രൊമോഷൻ തസ്തികകളുടെ ശമ്പള സ്കെയിലുകളാണ് 8,15 വർഷത്തെ സർവ്വീസ് പൂർത്തിയാക്കുന്നമുറയ്ക്ക് നോൺ കേഡറായി അനുവദിക്കുന്നത്. അതുപ്രകാരം ആയുർവേദ-ഹോമിയോ-വെറ്റിനറി ഡോക്ടർമാർ, കൃഷി ഓഫീസർ, ഡെയറി ഓഫീസർ തുടങ്ങിയവരുടെ രണ്ടാമത്തെ റെഗുലർ പ്രൊമോഷൻ തസ്തികയുടെ ശമ്പള സ്കെയിൽ ₹24040-38840 ആയതിനാൽ പ്രസ്തുത സ്കെയിലാണ് 15 വർഷം സർവ്വീസ് പൂർത്തിയാക്കുന്നമുറയ്ക്ക് നോൺ കേഡറായി അനുവദിക്കേണ്ടത്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയുടെ രണ്ടാമത്തെ റെഗുലർ പ്രൊമോഷൻ തസ്തികയുടെ ശമ്പള സ്കെയിൽ |
| (സി) | എഞ്ചിനീയർമാർക്ക് ഈ കുറവ് സംഭവിച്ചിട്ടില്ലാത്തതിനാൽ ഈ അനീതി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | |
| (ഡി) | എല്ലാ പ്രൊഫഷണൽ ഓഫീസർമാർക്കും ഒരേ തോതിൽ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | |

| | | |
|---|---|---|
| (ഇ) | അനോമലി പരിഹരിക്കുന്നതിന് വിവിധ വകുപ്പുകളിലെ എഞ്ചിനീയർമാരുടെ പ്രൊമോഷൻ ശ്രേണിക്കുതുല്യമായി ആയുർവേദ ഹോമിയോ വെറ്റിനറി ഡോക്ടർമാരുടേയും കൃഷി, ഡയറി ഓഫീസർമാരുടേയും പ്രൊമോഷൻ ശ്രേണി ഏകീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;<br>എഞ്ചിനീയർമാർക്ക് രണ്ടാമത്തെ സമയബന്ധിത ഹയർ ഗ്രേഡിന് അനുവദിച്ച സ്കെയിൽ മറ്റു വിഭാഗങ്ങൾക്കും അനുവദിക്കാൻ നടപടി എടുക്കുമോ;<br>വിശദമാക്കുമോ? | ₹36140-49740 ആയതിനാൽ ടി തസ്തികയ്ക്ക് 15 വർഷത്തെ സർവ്വീസിന് നോൺ കേഡറായി പ്രസ്തുത സ്കെയിൽ അനുവദിച്ചിട്ടുണ്ട്. കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരം അതാത് വകുപ്പുകളിലെ ഒന്നാമത്തെയും രണ്ടാമത്തെയും റഗുലർ പ്രൊമോഷൻ തസ്തികകളുടെ ശമ്പള സ്കെയിലുകൾ 8,15 വർഷത്തെ സർവ്വീസ് പൂർത്തിയാക്കുന്നമുറയ്ക്ക് നോൺ കേഡറായി അനുവദിക്കുന്നതിനാൽ എല്ലാ പ്രൊഫഷണൽ ഓഫീസർമാർക്കും ഒരേ തോതിലുള്ള സ്കെയിലുകൾ അനുവദിക്കാൻ കഴിയുകയില്ല. |

Manjushree

സെക്ഷൻ ഓഫീസർ